REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 02-05-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- പശ്ചിമബംഗാളിൽ കേന്ദ്രഗവണ്മെന്റ് ഉദ്യോഗസ്ഥരെ കൗണ്ടിംഗ് സൂപ്പർവൈസർമാരായി നിയമിച്ച തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടിയിൽ ഇടപെടാൻ സുപ്രീംകോടതി വിസമ്മതിച്ചു.
- കേരളം അടക്കം നാല് സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും തെരഞ്ഞെടുപ്പ് ഫലം മറ്റന്നാൾ പ്രഖ്യാപിക്കും.
- മലപ്പുറം വാൽപ്പാറ ദുരന്തത്തിൽപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായധനം അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.
- 2026-27 വർഷത്തെ നാല് പാർലമെന്ററി കമ്മിറ്റികൾ ലോക്സഭാ സ്പീക്കർ ഓം ബിർള പുനഃസംഘടിപ്പിച്ചു.
- IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

## വാർത്തകൾ വിശദമായി

പശ്ചിമബംഗാളിലെ വോട്ടെണ്ണലിന്, കൗണ്ടിംഗ് സൂപ്പർവൈസർമാരായി കേന്ദ്രഗവണ്മെന്റ് ഉദ്യോഗസ്ഥരെ നിയമിച്ച തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടിയിൽ ഇടപെടാൻ സുപ്രീംകോടതി വിസമ്മതിച്ചു. കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും രണ്ടംഗ ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനം ചോദ്യം ചെയ്ത് തൃണമൂൽ കോൺഗ്രസ് സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു പ്രത്യേക ബെഞ്ച്. നേരത്തെ കൽക്കട്ട ഹൈക്കോടതി തൃണമൂൽ

കോൺഗ്രസിന്റെ ഈ ആവശ്യം നിരസിച്ചിരുന്നു. അത് ചോദ്യം ചെയ്താണ് TMC സുപ്രിംകോടതിയെ സമീപിച്ചത്.

വോട്ടെണ്ണലിന് ആരെ ചുമതലപ്പെടുത്തണം എന്ന കാര്യം തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിവേചനാധികാരമാണ്. വോട്ട് എണ്ണുമ്പോൾ പോളിംഗ് ഏജന്റുമാരും, സൂപ്പർവൈസർമാരും, നിരീക്ഷകരും ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ ആശങ്കയ്ക്ക് അടിസ്ഥാനമെന്താണെന്ന് ഡിവിഷൻ ബെഞ്ച് ചോദിച്ചു. റിട്ടേണിംഗ് ഓഫീസർമാർ സംസ്ഥാന ഗവണ്മെന്റ് ജീവനക്കാരാണെന്നും, മറ്റ് ജീവനക്കാരെ നിയോഗിക്കുന്നത് അവരുടെ ചുമതലയാണെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ജസ്റ്റിസുമാരായ PS നരസിംഹയും, ജയ്മാലാ ബാഗ്ചിയുമാണ് അപ്പീൽ ഹർജി പരിഗണിച്ചത്. സുതാര്യതയ്ക്കായി വോട്ടെണ്ണലിന്റെ CC TV രേഖകൾ സംരക്ഷിക്കണമെന്ന് TMC യുടെ അഭിഭാഷകൻ കപിൽ സിബൽ ആവശ്യപ്പെട്ടു. ഫുട്ടേജ് 45 ദിവസം സൂക്ഷിക്കാറുണ്ടെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ കോടതിയെ അറിയിച്ചു.

✪✪✪

പശ്ചിമബംഗാളിൽ 15 ബൂത്തുകളിലെ റീപോളിംഗിൽ ഇതുവരെ 20 ശതമാനത്തിലേറെ പോളിംഗ് രേഖപ്പെടുത്തി. രാവിലെ 7 മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് ഇതുവരെ സമാധാനപരമാണ്.

✪✪✪

കേരളം അടക്കം നാല് സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും തെരഞ്ഞെടുപ്പ് ഫലം മറ്റന്നാൾ പ്രഖ്യാപിക്കും. ഏപ്രിൽ ഒൻപതിന് ആരംഭിച്ച് 29 ന് അവസാനിച്ച വിവിധ ഘട്ടങ്ങളിലെ പോളിംഗിന് ശേഷമാണ് മറ്റന്നാളത്തെ ഫലപ്രഖ്യാപനം.

രാവിലെ എട്ടിന് വോട്ടെണ്ണൽ തുടങ്ങും. പോസ്റ്റൽ ബാലറ്റുകൾ എണ്ണി തീർത്ത ശേഷമായിരിക്കും വോട്ടിംഗ് യന്ത്രങ്ങളിലെ വോട്ടെണ്ണൽ.

വോട്ടെണ്ണലിനായി വിപുലമായ ക്രമീകരണങ്ങളാണ് ഇത്തവണ തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരുക്കുന്നത്. വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ സുരക്ഷ ശക്തമാക്കാൻ QR കോഡ് അധിഷ്ഠിത തിരിച്ചറിയൽ സംവിധാനം ഏർപ്പെടുത്തി. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ അനധികൃതമായി ആരും പ്രവേശിക്കുന്നില്ല എന്ന് ഉറപ്പുവരുത്താനാണ് നടപടി. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ തിരിച്ചറിയിലിനായി ത്രിതല സുരക്ഷാ സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

ആദ്യ രണ്ട് ഘട്ടങ്ങളിൽ വരണാധികാരി നൽകിയ ഫോട്ടോ തിരിച്ചറിയൽ കാർഡുകൾ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധിച്ചായിരിക്കും ആളുകളെ

ഹാളിലേക്ക് കടത്തിവിടുന്നത്. മൂന്നാം ഘട്ടത്തിൽ QR കോഡ് സ്കാൻ ചെയ്യും.

മാധ്യമപ്രവർത്തകർക്കായി ഓരോ വോട്ടെണ്ണൽ കേന്ദ്രത്തിന് സമീപവും മീഡിയ സെന്ററുകൾ സജ്ജമാക്കും. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രത്യേക അധികാര പത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും മാധ്യമപ്രവർത്തകർക്ക് മീഡിയാ സെന്ററിലെ പ്രവേശനം.

നിയമസഭാ തിരഞ്ഞെടുപ്പിലെ വോട്ടെണ്ണൽ ഉദ്യോഗസ്ഥരിൽ കഴിഞ്ഞ ദിവസങ്ങളിലെ പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്ന തിരുവനന്തപുരത്തെ ജീവനക്കാർക്ക് ഇന്ന് ഉച്ചയ്ക്ക് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ പരിശീലനം ക്രമീകരിച്ചതായി ട്രെയ്നിംഗ് നോഡൽ ഓഫീസർ അറിയിച്ചു. ഡ്യൂട്ടിയ്ക്ക് നിയോഗിച്ചവർ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്തെ നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലുമായി ബന്ധപ്പെട്ട് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ നാളെ ഉച്ചയ്ക്ക് വാർത്താസമ്മേളനം വിളിച്ചു. നിയമസഭാ സമുച്ചയത്തിലെ നാല് - B ഹാളിലാണ് വാർത്താസമ്മേളനം.

✪✪✪

മലപ്പുറം വാൽപ്പാറ ദുരന്തത്തിൽപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായധനം അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. മരണമടഞ്ഞവരിൽ ഇൻഷുറൻസ് പരിരക്ഷയില്ലാത്ത അഞ്ച് പേരുടെ കുടുംബാംഗങ്ങൾക്ക് 10 ലക്ഷം രൂപ വീതം നൽകും. മരിച്ച മറ്റ് അധ്യാപർക്ക് ഇൻഷുറൻസ് പരിരക്ഷയുണ്ട്. സ്കൂൾ ബസ് ഡ്രൈവർ നൗഷാദ് അലി, പാചകത്തൊഴിലാളി സാജിദ, റുഖിയ, ഷക്കീല, വിദ്യാർത്ഥിയായ മുഹമ്മദ് ഹിഷാം എന്നിവരുടെ ബന്ധുകൾക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 10 ലക്ഷം രൂപ അനുവദിക്കുക.

അപകടത്തിൽ മരണപ്പെട്ട അധ്യാപികയുടെ മകൻ മുഹമ്മദ് ഷഹാദിൻ, മറ്റൊരു അധ്യാപികയുടെ മകൾ മസ്നീൻ, വാഹനത്തിന്റെ ഡ്രൈവർ മുഹമ്മദ് ഫാഹിസ് എന്നിവരുടെ ചികിത്സാ ചിലവ് ഗവണ്മെന്റ് വഹിക്കും. ഇൻഷുറൻസ് പരിരക്ഷ ഉള്ളവർക്ക്, ഇൻഷുറൻസ് പരിരക്ഷയ്ക്ക് പുറമെ, ചികിത്സയ്ക്ക് തുക ചെലവായിട്ടുണ്ടെങ്കിൽ പ്രസ്തുത തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

12-ാം ശമ്പള കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിനായി 14 അധിക തസ്തികൾ സൃഷ്ടിച്ച് പുറപ്പെടുവിച്ച ഉത്തരവ് സാധൂകരിക്കാനും മന്ത്രിസഭ തീരുമാനിച്ചു.

✪✪✪

പശ്ചിമേഷ്യയിലെ യുദ്ധസമാനമായ സാഹചര്യം കണക്കിലെടുത്ത് ഗവണ്മെന്റ് കരാറുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് 'ഫോഴ്സ് മജ്യൂർ' വ്യവസ്ഥ പ്രകാരം ഇളവുകൾ അനുവദിക്കാൻ കേന്ദ്ര ധനകാര്യ മന്ത്രാലയം തീരുമാനിച്ചു. യുദ്ധം മൂലമുണ്ടാകുന്ന തടസ്സങ്ങൾ കരാർ ലംഘനമായി കണക്കാക്കാതെ, കരാറുകാർക്ക് പിഴയോ മറ്റ് അധിക ചെലവുകളോ ഇല്ലാതെ നാല് മാസം വരെ സമയപരിധി നീട്ടി നൽകാനാണ് ഉത്തരവ്. 2026 ഫെബ്രുവരി 28-നോ അതിനു ശേഷമോ പൂർത്തിയാക്കേണ്ട കരാറുകൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. വിതരണ ശൃംഖലയിലുണ്ടായ തടസ്സങ്ങൾ പരിഗണിച്ച് കുറഞ്ഞത് രണ്ട് മാസവും പരമാവധി നാല് മാസവും വരെയാണ് ഇളവ് നൽകുന്നത്.

✪✪✪

വാണിജ്യ LPG സിലിണ്ടർ വില വർധന ആഗോള ഘടകങ്ങൾ കാരണമാണെന്നും ഇന്ത്യയുടെ LPG ആവശ്യകതയുടെ 50 ശതമാനത്തിലധികവും ഇറക്കുമതിയെയാണ് ആശ്രയിക്കുന്നതെന്നും കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി പറഞ്ഞു. ആഗോളതലത്തിൽ വിലയിൽ വലിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടും പ്രധാന ഇന്ധന വിലകളിൽ സ്ഥിരത നിലനിർത്താൻ ഗവണ്മെന്റിനു കഴിഞ്ഞിട്ടുണ്ടെന്നും ജോഷി ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

2026-27 വർഷത്തെ നാല് പാർലമെന്ററി കമ്മിറ്റികൾ ലോക്സഭാ സ്പീക്കർ ഓം ബിർള പുനഃസംഘടിപ്പിച്ചു. ലോക്സഭയിലെ BJP അംഗം ഡോ. സഞ്ജയ് ജയ്സ്വാളിനെ 30 അംഗ എസ്റ്റിമേറ്റ് കമ്മറ്റിയുടെ ചെയർപേഴ്സണായി നിയമിച്ചു. കോൺഗ്രസ് MP, KC വേണുഗോപാലിനെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അധ്യക്ഷനായി നിയമിച്ചു.

ലോക്സഭയിൽ നിന്ന് 15 അംഗങ്ങളും, രാജ്യസഭയിൽ നിന്ന് ഏഴ് അംഗങ്ങളും ഉൾപ്പെടുന്ന പൊതു അണ്ടർടേക്കിംഗ് കമ്മിറ്റിയുടെ തലവൻ BJP MP ബൈജയന്ത് പാണ്ഡെയാണ്. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമകമ്മിറ്റിയുടെ തലവൻ ലോക്സഭയിലെ BJP അംഗം ഫഗൻസിംഗ് ഗുലസ്തെയാണ്. കമ്മിറ്റികളുടെ കാലാവധി ഈ മാസം ഒന്നു മുതൽ അടുത്ത വർഷം ഏപ്രിൽ 30 വരെയാണ്.

✪✪✪

UDF ജയിച്ചാൽ മുഖ്യമന്ത്രി ആരാകണമെന്ന കാര്യത്തിൽ മുസ്ലീംലീഗ് ഒരു പേരും നിർദ്ദേശിച്ചിട്ടില്ലെന്ന് പാർട്ടി നേതാവ് ഡോ. MK മുനീർ സ്വകാര്യ ചാനലിനോട് പറഞ്ഞു. ആര് മുഖ്യമന്ത്രിയാകണമെന്ന് കോൺഗ്രസ് ഹൈക്കമാൻഡ് തീരുമാനിക്കുമെന്നാണ് ലീഗ് സംസ്ഥാന പ്രസിഡണ്ട്

പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞതെന്നും അദ്ദേഹം വ്യക്തമാക്കി. ഇപ്പോൾ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്നും ഡോ. മുനീർ പറഞ്ഞു.

✪✪✪

ജനവിധി വരുമ്പോൾ രാഷ്ട്രീയ സുനാമിയുണ്ടാകുമെന്ന് ബേപ്പൂർ മണ്ഡലം UDF സ്വതന്ത്ര സ്ഥാനാർത്ഥി PV അൻവർ പറഞ്ഞു. കണ്ണൂരിൽ വാർത്താസമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

✪✪✪

സംസ്ഥാനത്ത് പലയിടങ്ങളിലും ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

വിവിധ ജില്ലകളിൽ പകൽ സമയം ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന്റെ ചടങ്ങുകൾ നിശയിക്കുന്ന പ്രക്കുഴം ആരംഭിച്ചു. ഇക്കരെ കൊട്ടിയൂർ ക്ഷേത്രത്തിലാണ് ചടങ്ങ് നടക്കുന്നത്. ഒറ്റപ്പിലാൻ, പുറംകലയൻ, ആശാരി പെരുവണ്ണാൻ, കൊല്ലൻ, കണിശൻ കാടൻ, കുറിച്ച്യൻ തുടങ്ങിയ വിഭാഗക്കാരനാണ് ചടങ്ങിൽ പങ്കെടുക്കുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ഫുട്ബോളിൽ 21 വർഷത്തെ ഇടവേളയ്ക്ക് ശേഷം AFC വനിതാ അണ്ടർ-17 ഏഷ്യൻ കപ്പിന് യോഗ്യത നേടിയ ഇന്ത്യൻ ടീം ആദ്യ പോരാട്ടത്തിൽ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ചൈനയിലെ സുഷൗവിൽ ഇന്ത്യൻ സമയം വൈകിട്ട് അഞ്ചിനാണ് മത്സരം ആരംഭിക്കുന്നത്.

✪✪✪

'ബാസ്ക്കറ്റ്ബോൾ ലീഗ് കേരള' യുടെ അണ്ടർ 14, അണ്ടർ 19 വിഭാഗങ്ങളിലെ ആദ്യഘട്ട സെലക്ഷൻ ട്രയൽസുകൾ കോഴിക്കോട് ദേവഗിരി കോളേജിൽ സമാപിച്ചു. ഡാറ്റാ വിശകലനത്തിലൂടെ താരങ്ങളെ കണ്ടെത്തുന്ന സംസ്ഥാനത്തെ ആദ്യ പദ്ധതിയാണിത്.

✪✪✪

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയുടെ മൂന്നുദിവസത്തെ നിലമ്പൂർ ആയിഷ നവതി ആദരം പരിപാടികൾക്ക് തുടക്കമായി. ഇതിന്റെ ഭാഗമായി ഇന്നും അക്കാദമി തിയേറ്ററിൽ നിലമ്പൂർ ആയിഷ ഫിലിം ഫെസ്റ്റിവൽ ഉണ്ടായിരിക്കും.

നാളെ മാപ്പിളപ്പാട്ട് ആലാപന മത്സരം, "ആയിഷക്കാലം" ഡോക്യുമെന്ററി പ്രദർശനം എന്നിവ ഉണ്ടായിരിക്കും. വൈകിട്ട് ആദരസമ്മേളനത്തിൽ വിവിധ മേഖലകളിൽ സംഭാവനകൾ നൽകിയ വനിതകളെ ആദരിക്കും. സമാപന ചടങ്ങിൽ "അലങ്കാര പദവി" ഗാനമേളയിൽ സിനിമ-നാടക മാപ്പിളപ്പാട്ടുകൾ അവതരിപ്പിക്കും.

✪✪✪

എട്ടാമത് സ്വതന്ത്ര ചലച്ചിത്ര മേള ഈ മാസം ആറ് മുതൽ 10 വരെ കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയത്തിൽ നടത്തും. ലോക സിനിമാ വിഭാഗം, ഇന്ത്യൻ സിനിമ, മലയാളം സിനിമ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കും. മത്സരവിഭാഗത്തിലെ മികച്ച ചിത്രത്തിന് ഒരു ലക്ഷം രൂപയും ഫലകവും അടങ്ങിയ 'ബയോസ്കോപ്പ് അവാർഡ്' സമ്മാനിക്കും.

✪✪✪

വയനാട്ടിൽ ഉൾപ്പെടെ നിരവധി കവർച്ച കേസുകളിൽ ഉൾപ്പെട്ട കുപ്രസിദ്ധ മോഷ്ടാവ് കണ്ണൂർ ആലക്കോട് സ്വദേശി മുഹമ്മദ് പിടിയിലായി. ജില്ലാ പൊലീസ് മേധാവിയുടെ സ്പെഷ്യൽ സ്ക്വാഡ് ആണ് 150-ലേറെ മോഷണ കേസുകളിൽ ഉൾപ്പെട്ട മുഹമ്മദിനെ പിടികൂടിയത് . ഇയാളുടെ സഹായിയായ കമ്പളക്കാട് സ്വദേശി ജോസിനെയും പൊലീസ് കസ്റ്റഡിയിലെടുത്തു.

✪✪✪

---

*News Editor News Reader : വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, പ്രവീൺ, അൻഷ കരീം*
*DEO : ഷീബ*